**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **28-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കൊവിഡ് ദുരിതകാലം, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്ത സമയങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങൾ സത്വരമായി ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചത് സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത തെളിയിയ്ക്കുന്നതാണെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | കോവിഡ് ദുരിതകാലം, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്ത സമയങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങൾ സത്വരമായി ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചതിന്റെ പ്രധാന ഘടകം സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യക്ഷമതയാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്തുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ തുടർപ്രക്രിയയായി നടന്നുവരികയാണ്. |
| (ബി) | വിവിധ ക്ഷേമ വികസന പദ്ധതികളുടെ പ്രയോജനം ജനങ്ങളിലേയ്ക്ക് സമയബന്ധിതമായി എത്തിക്കുന്നതിനും ജനങ്ങളുടെ പരാതിയിലും വിവിധ ആവശ്യങ്ങളിലും കാലവിളംബം കൂടാതെ തീരുമാനം എടുക്കുന്നതിനും സർക്കാരിന്റെ സേവനദാതാവായി വർത്തിക്കേണ്ട സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന വിഷയം 2021 ജനുവരി 1 ന് പ്രഖ്യാപിച്ച പത്തിന പരിപാടിയുടെ ഭാഗമാണ്. വയോജനങ്ങൾക്കും, മാരകരോഗങ്ങൾ ബാധിച്ചവർക്കും, ഭിന്നശേഷിക്കാർക്കും സർക്കാർ സേവനങ്ങൾ ഘട്ടംഘട്ടമായി വീട്ടുപടിക്കൽ എത്തിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, അത്യാവശ്യ ജീവൻ രക്ഷാ മരുന്നുകൾ എത്തിക്കുക എന്നിവ ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. 2021 മെയ് 21-ന് ചേർന്ന ആദ്യ മന്ത്രിസഭാ യോഗം സർക്കാരിന്റെ പരമാവധി സേവനങ്ങൾ ഉണഭോക്താക്കൾ സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ലഭ്യമാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കാൻ സെക്രട്ടറി തല സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. പരമാവധി സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഓഫീസുകളിലെത്തുന്ന |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റവും പരിഗണനയും ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | സിവിൽ സർവ്വീസ് ആധുനികീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഈ ലക്ഷ്യം മുൻനിർത്തി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30.04.2021 ന് കാലാവധി പൂർത്തികരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിശദമായി വിലയിരുത്തി നടപ്പിൽ വരുത്താനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സെക്രട്ടറിതല സമിതി പ്രവർത്തിച്ചുവരികയാണ്. ഇതിനകം ആറ് റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുമുണ്ട്. അവയിൽ ചിലത് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ